"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - മ്യൂസിയം-ബേക്കറി-പനവിള-തമ്പാനൂർ-ഓവർബ്രിഡ്ജ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 909/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1040/2025/LSGD തീയതി, തിരുവനന്തപുരം, 25-04-2025**

---

പരാമർശം:-

1. സ.ഉ.(പി)നം. 32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.909/2009 നമ്പർ കേസിന്മേലുള്ള 30/03/2019 തീയതിയിലെ വിധിന്യായം
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/12/2024 തീയതിയിലെ കെ15-206659/19 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/02/2025-ലെ എ3/1830/2019/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം - ബേക്കറി - പനവിള - തമ്പാനൂർ - ഓവർബ്രിഡ്ജ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമകളായ ശ്രീ. പി. കെ. ശ്രീധരൻപിള്ളയും മറ്റുള്ളവരും ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 909/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 8,54,812/- രൂപ (എട്ട് ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ്റി പന്ത്രണ്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം - ബേക്കറി - പനവിള - തമ്പാനൂർ - ഓവർബ്രിഡ്ജ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 1068/A1-5-ൽ ഉൾപ്പെട്ടതും ശ്രീ. പി. കെ. ശ്രീധരൻപിള്ള, ശ്രീമതി എസ്. ലീലാമ്മ, ശ്രീമതി എൽ. ശ്രീലത, ശ്രീമതി എൽ. ശ്രീലേഖ, ശ്രീ. എൽ. ശ്രീലാജി, ശ്രീമതി ഭാവിക നായർ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.33 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 909/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 8,54,812/- രൂപ (എട്ട്

ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ്റി പന്ത്രണ്ട് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. പി. കെ. ശ്രീധരൻപിള്ള, എസ്.എൽ.തീയറ്റർ, തമ്പാനൂർ,തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ശ്രീമതി എസ്. ലീലാമ്മ, റ്റി.സി.9/934(3), എസ്.എൽ.ഭവൻ, ജവഹർ നഗർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ശ്രീമതി എൽ. ശ്രീലത, റ്റി.സി.9/934(3), എസ്.എൽ.ഭവൻ, ജവഹർ നഗർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ശ്രീമതി എൽ. ശ്രീലേഖ, റ്റി.സി.9/934(3), എസ്.എൽ.ഭവൻ, ജവഹർ നഗർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ശ്രീ. എൽ. ശ്രീലാജി, റ്റി.സി.9/934(3), എസ്.എൽ.ഭവൻ, ജവഹർ നഗർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ശ്രീമതി ഭാവിക നായർ, റ്റി.സി.9/934(3), എസ്.എൽ.ഭവൻ, ജവഹർ നഗർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/333/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 25-04-2025 16:20:08

സെക്ഷൻ ഓഫീസർ